**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2974** **28-02-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സുഭിക്ഷ കേരളം 2020-21, 2021-22 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തിടനാട്, കൂട്ടിക്കൽ, എരുമേലി, മുണ്ടക്കയം, പാറത്തോട് എന്നീ പഞ്ചായത്തുകളിൽ വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യ കർഷകർക്ക് മത്സ്യകൃഷി പരിശീലനം നൽകുന്നു. കൂടാതെ മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവ ഫിഷറീസ് വകുപ്പ് മുഖാന്തിരം മത്സ്യകർഷകർക്ക് വിതരണം ചെയ്യുന്നു. സുഭിക്ഷകേരളം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി പദ്ധതി പ്രകാരം 2 സെന്റ് പടുതാക്കുളത്തിൽ 1000 ആസാംവാള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കൃഷി ചെയ്യുന്നതിന് യൂണിറ്റ് കോസ്റ്റ് 1,23,000/- രൂപയാണ്. സുഭിക്ഷ കേരളം ബയോഫ്ലോക്ക് പദ്ധതി പ്രകാരം 20m3 ബയോഫ്ലോക്ക് ടാങ്കിൽ 1250 നൈൽ തിലാപ്പിയ (ഗിഫ്റ്റ്) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യകൃഷി ചെയ്യുന്നതിന് യൂണിറ്റ് കോസ്റ്റ് 1,38,000/- രൂപയാണ്. സുഭിക്ഷ കേരളം, വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് പദ്ധതികൾ പ്രകാരം ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40%ഉം, എസ്.സി. ഗുണഭോക്താവിന് യൂണിറ്റ് കോസ്റ്റിന്റെ 75%ഉം, എസ്.റ്റി ഗുണഭോക്താവിന് യൂണിറ്റ് കോസ്റ്റിന്റെ 100%ഉം സബ്സിഡി നൽകുന്നു. സുഭിക്ഷ കേരളം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് പദ്ധതികൾ പ്രകാരം 2020-21, 2021-22 വർഷങ്ങളിൽ നൽകിയ സഹായങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകൃഷി ചെയ്യുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് | (ബി) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സുഭിക്ഷ കേരളം 2020-21, 2021-22 എന്നീ പദ്ധതികളിൽ |

| | | | |
|---|---|---|---|
| | നൽകുന്നതെന്ന് വ്യക്തമാക്കുമോ; | | ഉൾപ്പെടുത്തി തിടനാട്, കൂട്ടിക്കൽ, എരുമേലി, മുണ്ടക്കയം, പാറത്തോട് എന്നീ പഞ്ചായത്തുകളിൽ വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യ കർഷകർക്ക് മത്സ്യകൃഷി പരിശീലനം നൽകുന്നു. കൂടാതെ മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവ ഫിഷറീസ് വകുപ്പ് മുഖാന്തിരം മത്സ്യകർഷകർക്ക് വിതരണം ചെയ്യുന്നു. സുഭിക്ഷകേരളം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി പദ്ധതി പ്രകാരം 2 സെന്റ് പടുതാക്കുളത്തിൽ 1000 ആസാംവാള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കൃഷി ചെയ്യുന്നതിന് യൂണിറ്റ് കോസ്റ്റ് 1,23,000/- രൂപയാണ്. സുഭിക്ഷ കേരളം ബയോഫ്ലോക്ക് പദ്ധതി പ്രകാരം 20m3 ബയോഫ്ലോക്ക് ടാങ്കിൽ 1250 നൈൽ തിലാപ്പിയ (ഗിഫ്റ്റ്) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യകൃഷി ചെയ്യുന്നതിന് യൂണിറ്റ് കോസ്റ്റ് 1,38,000/- രൂപയാണ്. സുഭിക്ഷ കേരളം, വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് പദ്ധതികൾ പ്രകാരം ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40%ഉം, എസ്.സി. ഗുണഭോക്താവിന് യൂണിറ്റ് കോസ്റ്റിന്റെ 75%ഉം, എസ്.റ്റി ഗുണഭോക്താവിന് യൂണിറ്റ് കോസ്റ്റിന്റെ 100%ഉം സബ്സിഡി നൽകുന്നു. സുഭിക്ഷ കേരളം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് പദ്ധതികൾ പ്രകാരം 2020-21, 2021-22 വർഷങ്ങളിൽ നൽകിയ സഹായങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതി പ്രകാരമുള്ള മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള പദ്ധതി പ്രകാരം മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ജനകീയ മത്സ്യകൃഷി 2020-21, 2021-22, 2022-23 പദ്ധതി വഴി നൽകിയ സഹായങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ക്രമ നം. | പദ്ധതി | ഹെക്ടർ/ യൂണിറ്റ് | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി തുക രൂപയിൽ |
|---|---|---|---|---|---|
| 2020-21 | 1 | ശാസ്ത്രീയ കാർപ്പ് /ആസ്സാംവാള/തിലാപ്പിയ മത്സ്യകൃഷി | 2.08 ha | 17 | 155012 |
| | 2 | എക്സ്റ്റൻസീവ് ഫാമിംഗ് കാർപ്പ് | 0.204 ha | 15 | 1020 |
| | 3 | കൂട് മത്സ്യകൃഷി(60m3) | 1 unit | 1 | 85953 |
| | 4 | റീ സർക്കുലേറ്ററി സിസ്റ്റം JMK | 3 unit | 3 | 269200 |
| | 5 | ശാസ്ത്രീയ ക്യാറ്റ്ഫിഷ് മത്സ്യകൃഷി | .252 ha | 2 | 44898 |
| | ആകെ | | | | 556083 |

| വർഷം | ക്രമ നം. | പദ്ധതി | ഹെക്ടർ/ യൂണിറ്റ് | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി തുക രൂപയിൽ |
|---|---|---|---|---|---|
| 2021-22 | 1 | ശാസ്ത്രീയ കാർപ്പ് /ആസ്സാംവാള/തിലാപ്പിയ മത്സ്യകൃഷി | .06 ha | 6 | 73482 |
| | 2 | ബയോഫ്ളോക്ക് (50m3) | 1 unit | 1 | 80000 |
| | 3 | എക്സ്റ്റൻസീവ് ഫാമിംഗ് കാർപ്പ് | 10.26 ha | 371 | 30780 |
| | 4 | കൂട് മത്സ്യകൃഷി(60m3) | 1 unit | 1 | 78379 |
| | 5 | റീ സർക്കുലേറ്ററി സിസ്റ്റംJMK | 2 unit | 2 | 303032 |
| | 6 | ബയോഫ്ളോക്ക് (160m3) | 1 unit | 1 | 390000 |
| | ആകെ | | | | 955673 |

## സുഭിക്ഷ കേരളം 2020 21

| നം | പഞ്ചായത്ത് | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷിഗുണഭോക്താക്കളുടെ എണ്ണം | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി(2 സെൻറ്) സബ്സിഡി (Rs.) | | ബയോഫ്ളോക്ക് ഗുണഭോക്താക്കളുടെ എണ്ണം | ബയോഫ്ളോക് (20m3) സബ്സിഡി (Rs.) | |
|---|---|---|---|---|---|---|---|
| | | | പഞ്ചായത്ത് (തുക രൂപയിൽ) | മത്സ്യ ബന്ധനവകുപ്പ് ( തുക രൂപയിൽ) | | പഞ്ചായത്ത് (തുക രൂപയിൽ) | മത്സ്യ ബന്ധനവകുപ്പ് ( തുക രൂപയിൽ) |
| 1 | തിടനാട് | 7 | 204283 | 14800 | 1 | 35522 | 18400 |
| 2 | എരുമേലി | 10 | 313105 | 141500 | 10 | 357916 | 184000 |
| 3 | കൂട്ടിക്കൽ | 3 | 98400 | 49200 | | | |
| 4 | പാറത്തോട് | 4 | 131200 | 65600 | 11 (19 unit) | 699200 | 349600 |
| 5 | മുണ്ടക്കയം | | | | 2 | 66249 | 36000 |
| ആകെ | | 24 | 746988 | 271100 | 24 (32 unit) | 1158887 | 588000 |

## സുഭിക്ഷ കേരളം 2021-22

| നം | പഞ്ചായത്ത് | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷിഗുണഭോക്താക്കളുടെ എണ്ണം | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി(2 സെൻറ്) സബ്സിഡി (Rs.) | | ബയോഫ്ളോക്ക് ഗുണഭോക്താക്കളുടെ എണ്ണം | ബയോഫ്ളോക് (20m3) സബ്സിഡി (Rs.) | |
|---|---|---|---|---|---|---|---|
| | | | പഞ്ചായത്ത് (തുക രൂപയിൽ) | മത്സ്യ ബന്ധനവകുപ്പ് ( തുക രൂപയിൽ) | | പഞ്ചായത്ത് (തുക രൂപയിൽ) | മത്സ്യ ബന്ധനവകുപ്പ് ( തുക രൂപയിൽ) |
| 1 | തിടനാട് | 8 | 242391 | 130000 | | | |
| 2 | എരുമേലി | 21 | 672049 | 344000 | 8 | 294400 | 147200 |
| 3 | കൂട്ടിക്കൽ | | | | 3 (10 unit) | 360000 | 184000 |
| 4 | പാറത്തോട് | 2 | 63066 | 32000 | | | |
| 5 | മുണ്ടക്കയം | | | | 2 (3 unit) | 106750 | 55000 |
| ആകെ | | 31 | 977506 | 506000 | | 761150 | 386200 |

| വർഷം | ക്രമ നം. | പദ്ധതി | ഹെക്ടർ/ യൂണിറ്റ് | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി തുക രൂപയിൽ |
|---|---|---|---|---|---|
| 2022-23 | 1 | ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി | 5.034 ha | 150 | 15912 |
| | 2 | തിലാപ്പിയ മത്സ്യകൃഷി | 1.2 ha | 4 | 151200 |
| | 3 | ശാസ്ത്രീയ ആസ്സാംവാള മത്സ്യകൃഷി | 0.3 ha | 3 | 18900 |
| | 4 | ശാസ്ത്രീയ വരാൽ മത്സ്യകൃഷി | 0.3 ha | 2 | 18900 |
| | 5 | പടുതാക്കുളത്തിലെ വരാൽ മത്സ്യകൃഷി | 8 unit | 4 | 26880 |
| | 6 | പടുതാക്കുളത്തിലെ ആസ്സാംവാള മത്സ്യകൃഷി | 4 unit | 3 | 6720 |
| | 7 | പടുതാക്കുളത്തിലെ അനബാസ് മത്സ്യകൃഷി | 9 unit | 6 | 151200 |
| | 8 | ബയോഫ്ളോക്ക് | 24 unit | 13 | 86400 |
| | 9 | റീ സർക്കുലേറ്ററി സിസ്റ്റം JMK(50m3) | 2 unit | 2 | 480000 |
| | ആകെ | | | | 956112 |

Schethe

സെക്ഷൻ ഓഫീസർ